നിയമത്തിന്റെ പരിധിയിൽ വരാത്ത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അനുയോജ്യമായ ശിക്ഷണ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു.

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

12 (3038) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെല്ലാം?

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായി പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തി 25-2-2017-ൽ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ നടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇല്ല.

(സി) എങ്കിൽ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി വകുപ്പുകളിൽ ഏകജാലക സംവിധാനം മുഖേന ഓൺലൈനായി സ്ഥലം മാറ്റം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ബാധകമല്ല.

എൻട്രികേഡർ അസിസ്റ്റന്റ് തസ്തിക

13 (3039) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ എൻട്രികേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ അംഗീകരിക്കപ്പെട്ട തസ്തികകളുടെ എണ്ണം (കേഡർ സ്ട്രെംഗ്ത്) എത്ര?

373

(ബി) നിലവിൽ പ്രസ്തുത വകുപ്പിലെ എൻട്രികേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ എത്രപേർ ജോലി ചെയ്യുന്നു; ലീവ്, ഡെപ്യൂട്ടേഷൻ എന്നിവയിലുള്ളവരെക്കുറിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

364 പേർ. 16 പേർ ഡെപ്യൂട്ടേഷനിലും 8 പേർ ശൂന്യവേതനാവധിയിലും ആണ്.

(സി) നിലവിൽ ഈ വകുപ്പിൽ എൻടികേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ കേഡർ സ്ട്രെംഗ്ത് പ്രകാരമുള്ള ജീവനക്കാർ ഉണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അറിയിക്കുമോ;

(ഡി) കേഡർ സ്ട്രെംഗ്ത് മാനദണ്ഡമാക്കിയാണോ ഈ വകുപ്പിലെ എൻടികേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ ഒഴിവുകൾ കണക്കാക്കുന്നത്?

(സി&ഡി) റിട്ടയർമെന്റ്മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം കിഴിവ് ചെയ്യേണ്ടവ (കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റം, പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ആശ്രിതനിയമനം എന്നിവ) കുറച്ച് ബാക്കി ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽമൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യുന്നത്.

(ഇ) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ ആറുമാസത്തിലധികം കാലാവധിയുള്ള ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ മുഖേന എൻടികേഡർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്യേണ്ടതല്ലേ; ആണെങ്കിൽ 2019 ഏപ്രിൽ 9-ന ശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ആറ് മാസത്തിലധികം കാലാവധിയുള്ള ലീവ്, പുതിയ ഡെപ്യൂട്ടേഷൻ എന്നിവ മുഖേന ഉണ്ടാകുന്ന എൻടി കേഡർ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2019 ഏപ്രിൽ 9-നുശേഷം അപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടി വന്നിട്ടില്ല.

റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ അറിയാൻ സംവിധാനം

14 (3040) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?